**<u>ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം</u>**

ഹാജർ : U.V.Jose IAS (Retd)

വിഷയം :- ത.സ്വ.ഭ.വ – ശുചിത്വമിഷൻ – ജലാശയങ്ങളിലെ പ്ലാസ്റ്റിക് മലിനീകരണം നിയന്ത്രിക്കുന്നതിനായി സാങ്കേതികവിദ്യകൾ നൽകുന്നതിലേയ്ക്ക് പ്ലാസ്റ്റിക് ഫിഷർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതു സംബന്ധിച്ച്.

പരാമർശം:-

1. 31.12.2014-ലെ സ.ഉ (സാധാ) നം. 3508/2014/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. 13.08.2018-ൽ ചേർന്ന 29-ാമത് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 14-ാം നമ്പർ തീരുമാനം.
3. 06.03.2024-ലെ 1563/C4/2024/SM നം. താൽപര്യപത്രം.
4. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01-02-2025 തീയതിയിലെ SM/1743/2024-C4-Part(1) നമ്പർ നടപടിക്രമം.
5. 03-11-2025 തീയതിയിൽ കൂടിയ ശുചിത്വമിഷൻ ചേർന്ന ടെക്നിക്കൽ കമ്മിറ്റി തീരുമാനം.

നമ്പർ : SM/2169/2025-C4 തീയതി : 07.11.2025

**<u>ഉത്തരവ്</u>**

ഖരമാലിന്യ (ജൈവം) സംസ്കരണ മേഖലയിൽ സേവനം നൽകുന്നതിലേയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടി കൂടുതൽ സേവനദാതാക്കളെ തെരഞ്ഞെടുക്കുന്നതിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നതിന് പരാമർശം (1)-ലെ ഉത്തരവ് പ്രകാരം ശുചിത്വമിഷന് അനുമതി നൽകി ഉത്തരവായിരുന്നു. കൂടാതെ പരാമർശം (2) തീരുമാന പ്രകാരം ഇക്കാര്യത്തിലേയ്ക്ക് രൂപീകരിക്കപ്പെട്ട സാങ്കേതിക സമിതിയുടെ ശുപാർശയിന്മേൽ ഖരമാലിന്യ സംസ്കരണ മേഖലയിലെ സേവന ദാതാക്കളെ എംപാനൽ ചെയ്യുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

പരാമർശം (3) പ്രകാരം ശുചിത്വ മിഷൻ ഖരമാലിന്യ മാലിന്യ സംസ്കരണ മേഖലയിലെ യോഗ്യരായ ഏജൻസികളെ എംപാനൽ ചെയ്യുന്നതിനുള്ള താൽപര്യപത്രം (EoI) ക്ഷണിച്ചിരുന്നു. ആയത് പ്രകാരം പ്ലാസ്റ്റിക് ഫിഷർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസി അപേക്ഷ സമർപ്പിച്ചിരുന്നു. ഖരമാലിന്യ സംസ്കരണ മേഖലയിൽ സേവന ദാതാക്കളെ തെരഞ്ഞെടുക്കുന്നതിന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് വിലയിരുത്തി അനുയോജ്യരായ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനായി പരാമർശം (4) പ്രകാരം സാങ്കേതിക സമിതി പുന:സംഘടിപ്പിച്ചിരുന്നു.

പരാമർശം (5) പ്രകാരം ചേർന്ന ശുചിത്വ മിഷൻ ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ പ്രസ്തുത അപേക്ഷ പരിശോധിക്കുകയും, ടി ഏജൻസിയുടെ ടെക്നിക്കൽ പ്രസന്റേഷൻ വിലയിരുത്തുകയും നേരിൽ വിശദാംശങ്ങൾ ആരായുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ, ജലാശയങ്ങളിലെ പ്ലാസ്റ്റിക് മലിനീകരണം നിയന്ത്രിക്കുന്നതിനായുള്ള

സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രസ്തുത ഏജൻസിയെ എംപാനൽ ചെയ്യുന്നതിന് സാങ്കേതിക സമിതി നിർദ്ദേശിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, മേൽ സൂചിത ശുചിത്വ മിഷൻ സാങ്കേതിക സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (5) തീരുമാനത്തിന് വിധേയമായി ചുവടെ പട്ടികയിൽ പറയും പ്രകാരമുള്ള PLASTIC FISCHER INDIA PRIVATE LIMITED No.T2, 3rd Floor,No.27/1, Shalimar Plaza, 10th Cross S.P. Extension, Malleshwaram, Bangalore, Karnataka, India, 560003 എന്ന ഏജൻസിക്ക് ശുചിത്വ മിഷന്റെ അംഗീകൃത സേവനദാതാവായി ബന്ധപ്പെട്ട മേഖലയിൽ ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. ടി ഏജൻസിയുടെ സേവന കാലാവധി ഈ ഉത്തരവ് തീയതി മുതൽ മൂന്ന് വർഷത്തേയ്ക്ക് ആയിരിക്കും.

| Name and Address of the agency | Area Recommended |
|---|---|
| PLASTIC FISCHER INDIA PRIVATE LIMITED<br>No.T2, 3rd Floor,No.27/1, Shalimar Plaza, 10th Cross S.P.Extension. Malleshwaram,Bangalore, Karnataka, India, 560003 | Providing Technologies Suitable For Prevention or Reduction of Marine Plastic Litter Pollution |

<u>നിബന്ധനകൾ</u>

1. മേൽപ്പറഞ്ഞ ഏജൻസിയുടെ എംപാനൽമെന്റ് കാലാവധി ഈ ഉത്തരവ് തീയതി മുതൽ മൂന്ന് വർഷത്തേയ്ക്ക് ആയിരിക്കും. ആയതിന് ശേഷം പ്രവർത്തനകാര്യക്ഷമത വിലയിരുത്തി എംപാനൽമെന്റ് പുതുക്കി നൽകുന്നത് സംബന്ധിച്ച് കമ്മിറ്റി തീരുമാനമെടുക്കുന്നതാണ്.
2. ജലാശയങ്ങളിൽ നിന്നും ശേഖരിക്കപ്പെടുന്ന ജൈവ-അജൈവ മാലിന്യങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്യുവാനോ, അശാസ്ത്രീയമായി കുഴിച്ചിടുകയോ, കത്തിക്കുകയോ ചെയ്യാൻ പാടില്ല.
3. പദ്ധതികളുടെ ഭാഗമായി താൽക്കാലിക MCF/MRF സംവിധാനം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നിയമാനുസൃതമായ എല്ലാ അനുമതികളും നേടേണ്ടതാണ്.
4. എല്ലാ വർഷവും ഏപ്രിൽ 30-ന് മുമ്പായി തങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓഡർ), വാർഷിക ഓഡിറ്റഡ് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് എന്നിവ ശുചിത്വ മിഷനിൽ ലഭ്യമാക്കേണ്ടതാണ്.
5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ അതാത് മേഖലകളിലുള്ള എല്ലാ സേവനദാതാക്കൾക്കും തങ്ങളുടെ ഓഫർ നൽകുവാൻ അവസരം നൽകുന്ന രീതിയിൽ രേഖാമൂലമുള്ള അറിയിപ്പുകൾ നൽകേണ്ടതാണ്. ടെൻഡർ നടപടിക്രമങ്ങളിൽ പങ്കെടുത്ത് കൊണ്ട് മാത്രമേ സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളുടെ പ്രവൃത്തി ഏറ്റെടുക്കുവാൻ പാടുള്ളൂ.

6. ഏജൻസി എംപാനൽമെന്റിനായി ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള സിമന്റ് ഫാക്ടറികളുമായുള്ള കരാർ കാലാവധി തീരുന്ന മുറയ്ക്ക് പുതുക്കേണ്ടതും, എംപാനൽമെന്റ് കാലാവധി തീരും വരെ ആയത് ഉറപ്പാക്കേണ്ടതുമാണ്.
7. അംഗീകാരം ലഭിക്കുന്നതിനായി ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ സമർപ്പിച്ച പ്രോസസ്സ് ഫ്ലോ/ടെക്നിക്കൽ പ്രൊപ്പോസൽ പ്രകാരം പ്രവർത്തിക്കേണ്ടതും, കേന്ദ്ര മലിനീകരണ നിയന്ത്ര ബോർഡിന്റെയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ഈ മേഖലയായി ബന്ധപ്പെട്ട് നിലവിലുള്ളതും, കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതുമായ മാനദണ്ഡങ്ങൾ പ്രകാരമുള്ള സംവിധാനങ്ങൾ ഉറപ്പ് വരുത്തി, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 (കാലാകാലങ്ങളിൽ ഭേദഗതി വരുത്തുന്നത്) പ്രകാരമുള്ള സ്റ്റാൻഡേർഡ്സ് പാലിക്കേണ്ടതുമാണ്.
8. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം അവരവർക്ക് അംഗീകാരം നൽകിയിട്ടുള്ള സേവന മേഖലയിൽ മാത്രമേ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ പാടുള്ളൂ.
9. ഈ മേഖലയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും, മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചു വേണം സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവനം നൽകേണ്ടത്.
10. സേവനദാതാക്കളെക്കുറിച്ച് എന്തെങ്കിലും പരാതികൾ പൊതുജനങ്ങളിൽ നിന്നോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഉണ്ടാകുന്ന പക്ഷം ശുചിത്വ മിഷൻ അത് ഗൗരവമായി കണ്ട് മേൽ നടപടി കൈക്കൊള്ളുന്നതാണ്.
11. സേവനദാതാക്കൾ അവർ ഏറ്റെടുക്കുന്ന (സ്ഥാപിക്കുന്ന) പ്രവൃത്തി സംബന്ധിച്ച വിശദ വിവരങ്ങൾ (പ്രൊജക്ടിന്റെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓർഡർ), ഗുണഭോക്താക്കളുടെ വിവരം, പ്രോജക്ട് ലൊക്കേഷൻ, പ്രോജക്ട് ഡീറ്റെയിൽസ് എന്നിവ) നിർബന്ധമായും രജിസ്റ്റർ ചെയ്ത് സൂക്ഷിക്കേണ്ടതും, ആവശ്യപ്പെടുന്ന പക്ഷം ശുചിത്വ മിഷനിൽ ഹാജരാക്കേണ്ടതുമാണ്.
12. മേൽ പറഞ്ഞ നിബന്ധനകൾ, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിലവിലെ നിയമങ്ങൾ/ചട്ടങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും അല്ലാത്തപക്ഷം, ടി സേവനദാതാവിന്റെ അംഗീകാരം റദ്ദ് ചെയ്യുന്നതിന് ശുചിത്വമിഷന് അധികാരമുണ്ടായിരിക്കുന്നതുമാണ്.
13. എംപാനൽഡ് ഏജൻസികളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിലേക്ക് ഓരോ ഏജൻസിക്കും പ്രത്യേകം വെബ് പേജ് ശുചിത്വ മിഷന്റെ വെബ് പോർട്ടലിൽ ഉൾപ്പെടുത്തുന്നതാണ്. ടി വെബ് പേജ് രൂപകല്പന ചെയ്യുന്നതിനും പരിപാലിക്കുന്നതിലേക്കുമുള്ള ഡെവലപ്മെന്റ് ചാർജ്/പ്രോസസ്സിംഗ് ഫീസ് അതാത് ഏജൻസികൾ വഹിക്കേണ്ടതാണ്.
14. മേൽ പറഞ്ഞ നിബന്ധകൾക്ക് ഉപരിയായി സേവനദാതാക്കൾ നൽകുന്ന സേവനം തൃപ്തികരമല്ലാത്തപക്ഷം ടി സേവനദാതാക്കളുടെ അംഗീകാരം പുനഃപരിശോധിക്കുന്നതിനും, റദ്ദ് ചെയ്യുന്നതിന് ശുചിത്വമിഷന് അധികാരമുണ്ടായിരിക്കുന്നതുമാണ്.
15. സർക്കാർ/ശുചിത്വമിഷൻ നടത്തുന്ന മാലിന്യ സംസ്കരണ പരിപാടികളിൽ എല്ലാ സേവനദാതാക്കളുടെയും സഹകരണം ഉറപ്പാക്കേണ്ടതാണ്.
16. പദ്ധതി നിർവ്വഹണം മേൽ പറഞ്ഞവയ്ക്ക് വിരുദ്ധമായി കാണുന്ന പക്ഷമോ, ശുചിത്വ മിഷൻ കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾക്ക് വിധേയമായോ യാതൊരു അറിയിപ്പും

കൂടാതെ ഏതു സമയത്തും അംഗീകാരം റദ്ദ് ചെയ്യുന്നതിന് ശുചിത്വ മിഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

U.V.Jose IAS (Retd)

EXECUTIVE DIRECTOR

സ്വീകർത്താവ്

ബന്ധപ്പെട്ട ഏജൻസി

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ (അറിവിലേയ്ക്കായി)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
4. എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേന)
5. വെബ്സൈറ്റ്, ഓഫീസ് കോപ്പി/കരുതൽ ഫയൽ.